# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1655/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1655/2023 തീയ്യതി: 13/11/2023

## കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2022 മുതൽ 18-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. രാജീവൻ. സി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. മഞ്ജുഷ. പി. എൻ. | സെക്രട്ടറി | 01-04-2022 | 28-08-2022 |
| ശ്രീ. സജീവേന്ദ്രൻ. വി. എ. | സെക്രട്ടറി | 29-08-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷീജ. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. സാരജൻ. എ. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2022 | 31-10-2022 |
| ശ്രീ. ലതീഷ് ബാബു. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീ. സുധീർ കുമാർ. എം. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. സ്വരൂപ്. പി. എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീജ ബാട്ടി. | വി.ഇ.ഒ. കോട്ടയം | 01-04-2022 | 31-03-2023 |
| ഡോ. വിനീത ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ PHC | 01-04-2022 | 31-03-2023 |
| ഡോ. ആശ. കെ. പി. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. മുഹമ്മദ്. പി. | മെഡിക്കൽ ഓഫീസർ GAD | 01-04-2022 | 31-03-2023 |
| ശ്രീ. ഗീത. കെ. കെ. | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രവീണ. എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. രജീഷ്. ടി. കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീ. രാജേഷ്. പി. ആർ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീമതി. ആരിഫ. കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 06-07-2022 |
| ശ്രീമതി. പ്രിയ. എം. | ഐ സി ഡി എസ് സൂപ്പർവൈസർ | 07-07-2022 | 06-12-2022 |
| ശ്രീമതി. രോഷ്നി | ഐ സി ഡി എസ് | 07-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഊരാളിക്കണ്ടി | സൂപ്പർവൈസർ | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാപ്പിറ്റൽ കോൺടിബ്യൂഷൻ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-4 |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | അദർ ഡെപ്പോസിറ്റ്- രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | പുതുക്കിയ ബജറ്റ് | 1-2-1 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം. | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്ഷേമ പെൻഷൻ-സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ഗുണഭോക്താവിന് നൽകിയ തുക മുഴുവനായും തിരികെ ഈടാക്കിയിട്ടില്ല. | 1-7-1 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | ഗ്രാമസഭ | 1-10 |
| 21 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല. | 1-11 |
| 22 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും തിരികെ ലഭിച്ചില്ല. | 1-12 |
| 23 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹283059 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |

| | | |
|---|---|---|
| 24 | എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 25 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിന് സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 26 | അംഗൻവാടികൾക്ക് സ്നേഹകിടക്ക, കസേര എന്നിവ വിതരണം ചെയ്യൽ -പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ. | 1-16 |
| 27 | എം.സി.എഫ് ഓഫീസിന് ഫർണിച്ചർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അപാകങ്ങൾ | 1-17 |
| 28 | യുനാനി ഔഷധങ്ങൾ വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമാകാത്തതിനാൽ ₹1487യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 29 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല ₹99000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 30 | സാന്ത്വന പരിചരണ പദ്ധതി -മുഴുവൻ മരുന്നും ലഭ്യമായില്ല ₹28684 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 31 | സഞ്ചരിക്കുന്ന ബാല ലൈബ്രറി - തുടർ പ്രവർത്തനവിവരങ്ങൾ ലഭ്യമല്ല ₹14000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 32 | വയോക്ലബ്ബുകളുടെ രൂപീകരണവും അടിസ്ഥാന സൗകര്യമൊരുക്കലും-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. ₹135587 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 33 | വയോജന വിശ്രമ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ-പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ. | 1-23 |
| 34 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - 230670 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-24 |
| 35 | ലൈഫ് ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയായിട്ടില്ല. | 1-25 |
| 36 | ലൈഫ് മിഷൻ ഭവന വായ്പ - തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-26 |
| 37 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല. | 1-27 |
| 38 | മാലിന്യസംസ്കരണം | 1-28 |
| 39 | കേഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ട് വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല | 1-29 |
| 40 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല | 1-30 |
| 41 | തനത് വരുമാനം- അവലോകനം | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |

| ഭാഗം **3** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |



| | | |
|---|---|---|
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |



അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കോട്ടയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30-06-2023 ലെ 145/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 6-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോട്ടയം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

13.11.2023.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-4244167 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash

Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6309280 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-5 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി

പ്രൊജക്ട് നമ്പർ 139/23 ടേക്ക് എ ബ്രേക്ക് ഏഴാം മൈൽ പൊതു ടോയിലറ്റിന് കുഴൽ കിണർ സൗകര്യം ഏർപ്പെടുത്തുന്നതിന് കണ്ണൂർ ഭൂജല വകുപ്പിന് ഡെപ്പോസിറ്റായി നൽകിയ തുകയുടെ ₹90000 യുടെ വിനിയോഗ സാക്ഷ്യപത്രം 2022-23 സാമ്പത്തിക വർഷം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റായി നൽകിയ തുക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിനു പകരം B11-(d) ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തി. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനായി ചെലവഴിച്ച ₹1935 ഉൾപ്പെടെയാണ് B11-(d) ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-7 അദർ ഡെപ്പോസിറ്റ്- രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

അദർ ഡെപ്പോസിറ്റ് (340200199) –വാർഷിക ധനകാര്യ പത്രിയിലെ ബാലൻസ് ഷീറ്റിലെ ബി 7 ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയ തുക (₹4500) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി (₹2000) പൊരുത്തപ്പെടുന്നില്ല.

## 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-2 ബജറ്റ്

കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 24-3-2022 ലെ 83/2022 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1785472 |
| വരവ് | 129422000 |
| ആകെ | 131207472 |
| ചെലവ് | 129507000 |
| നീക്കിയിരിപ്പ് | 1700472 |

## 1-2-1 പുതുക്കിയ ബജറ്റ്

കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 22-3-2023 ലെ 67/2023 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1736598 |
| വരവ് | 133847000 |
| ആകെ | 135583598 |
| ചെലവ് | 133643863 |
| നീക്കിയിരിപ്പ് | 1939735 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 19085104 |
| വരവ് | 28887986 |
| ആകെ | 47973090 |
| ചെലവ് | 33132153 |
| നീക്കിയിരിപ്പ് | 14840937 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 761817 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 13114000 | 13114000 | 13064000 | 50000 |
| വികസന ഫണ്ട് - എസ് സി പി | 0 | 552000 | 552000 | 552000 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 4447000 | 4447000 | 4447000 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 4571000 | 4571000 | 4571000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 308493 (ബാങ്ക്) | 3195000 (ബാങ്ക്) 420024 (ട്രഷറി) | 3923517 | 3253065 (ബാങ്ക്) 361959 (ട്രഷറി) | 250428 (ബാങ്ക്) 58065 (ട്രഷറി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 34839 | 2210467 (ബാങ്ക്) | 2245306 | 2130000 (ബാങ്ക്) | 115306 (ബാങ്ക്) |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 693739 | 1094412 | 1788151 | 621642 | 1166509 |
| ടോട്ടൽ സാനിറ്റേഷൻ | 36736 | 0 | 36736 | 36736 | 0 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 210887 | 210887 | 207890 | 2997 |
| ഹെൽത്ത്ഗ്രാന്റ് | 0 | 81142 | 81142 | 80000 | 1142 |
| സ്വച്ഛ്ഭാരത് അഭിയാൻ | 0 | 317626 | 317626 | 317626 | 0 |

| | | | | | |
|---|---|---|---|---|---|
| റർബൻ സ്കീം | 1644151 | 0 | 1644151 | 0 | 1644151 |
| എംജിഎൻആർഇജിഎസ് | 984 | 20352379 | 20353363 | 20353362 | 1 |
| ഹെൽത്ത് മിഷൻ ഫണ്ട് | 0 | 446230 | 446230 | 446230 | 0 |
| ശുചിത്വ മിഷൻ ഫണ്ട് | 25000 | 69150 | 94150 | 69150 | 25000 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 16775 | 732636 | 749411 | 748361 | 1050 |
| റൂറൽ ഹൗസിങ് ഫണ്ട് | 120000 | 1460000 | 1580000 | 420000 | 1160000 |
| നഗര സഞ്ചയ ഫണ്ട് | 0 | 706056 | 706056 | 691116 | 14940 |
| സാക്ഷരത | 9468 | 772 | 10240 | 0 | 10240 |
| ആർദ്രകേരളം അവാർഡ് | 0 | 500000 | 500000 | 0 | 500000 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 153 | 50803125 | 134 | 38643305 | 29 | 19 | 69 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 25 | 18 | 3365782 | 2298322 | 68 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 409000 | 293447 | 72 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 34 | 30 | 16723757 | 12119774 | 72 |
| 4 | കൃഷി ഓഫീസർ | 10 | 10 | 1994982 | 1994482 | 99 |
| 5 | വി.ഇ.ഒ. കോട്ടയം | 25 | 22 | 13888778 | 8247801 | 59 |
| 6 | മെഡിക്കൽ ഓഫീസർ PHC | 17 | 16 | 4346140 | 4121378 | 95 |
| 7 | മെഡിക്കൽ ഓഫീസർ GAD | 5 | 5 | 1531637 | 1525216 | 99.6 |
| 8 | വെറ്റിനറി സർജൻ | 6 | 6 | 1243450 | 1241250 | 99 |
| 9 | ICDS സൂപ്പർവൈസർ | 11 | 11 | 5275113 | 5080816 | 96 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 320000 | 199045 | 62 |
| 11 | ഹെഡ് മാസ്റ്റർ | 11 | 9 | 1664486 | 1481774 | 89 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 40000 | 40000 | 100 |
| | ആകെ | 153 | 134 | 50803125 | 38643305 | 76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 984 | 1287423 | 1288407 | 1288406 | 1 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 19064956 | 19064956 | 19064956 | - |
| ആകെ | 984 | 20352379 | 20353363 | 20353362 | 1 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 186 | 2622400 |
| വിധവാ പെൻഷൻ | 822 | 11310600 |
| വാർദ്ധക്യകാല പെൻഷൻ | 1589 | 20201600 |
| വികലാംഗ പെൻഷൻ | 224 | 3088200 |
| അവിവാഹിത പെൻഷൻ | 143 | 1984600 |
| വിവാഹ ധനസഹായം | 2 | 60000 |

### 1-7-1 ക്ഷേമ പെൻഷൻ-സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ഗുണഭോക്താവിന് നൽകിയ തുക മുഴുവനായും തിരികെ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായിരുന്ന രാധാകൃഷ്ണൻ കെ പി. സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നതിനോടൊപ്പം ₹67700 സാമൂഹ്യ സുരക്ഷ പെൻഷനും കൈപ്പറ്റിയിട്ടുണ്ട് (ഫയൽ നമ്പർ:401067/SADP12/GPO/2023/871). ആയതിൽ ₹10000 തിരികെ ഈടാക്കി വൗച്ചർ നമ്പർ 22200796/3-3-23 പ്രകാരം തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കിയിട്ടുണ്ട്. ബാക്കി തുകയായ ₹ 57770 ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരിച്ചടക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ധനവകുപ്പിന്റെ 23.01.2020ലെ സർക്കുലർ 07/20 ഖണ്ഡിക 7ലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-2023 ന് 12.02 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹18,836 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിലും 5/2022, 8/2022, 9/2022, 12/2022 എന്നീ മാസങ്ങളിലായി ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. ഗ്രാമസഭകളിലെ അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.

2022-23 കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിന് എന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം | സഞ്ചയയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ |
|---|---|---|---|---|
| 1 | 1/363 | പി. പി. സഫിയ | ഇന്റസ്ട്രിയൽ പാർക്ക് | പാർപ്പിടം |
| 2 | 5/107 | പി. എം. ഫൈസൽ ഗുരുക്കൾ | വൈദ്യശാല | പാർപ്പിടം |
| 3 | 7/60 | സത്യനാഥൻ. പി. പി. | ഫർണിച്ചർ നിർമ്മാണം | പാർപ്പിടം |
| 4 | 8/275 | വി. ചന്ദ്രൻ | ചന്ദ്രിക ഫ്ലോർമില്ല് | കൈത്തറി ഷെഡ് |
| 5 | 10/108 | എൻ. പി. ബിജു | സോഡനിർമ്മാണം | പാർപ്പിടം |
| 6 | 13/78 | ബഷീർ | അനാദി | പാർപ്പിടം |
| 7 | 13/206 | മുഹമ്മദ് ഷമീർ | പലചരക്ക് കട | പാർപ്പിടം |

മേൽ അപാകം സംബന്ധിച്ച് 27/28-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 6 ലെ ശ്രീ ബഷീർ 13/78 C നമ്പർ കെട്ടിടത്തിലും ക്രമ നമ്പർ 7ലെ ശ്രീ. മുഹമ്മദ് ഷമീർ 13/271 നമ്പർ കെട്ടിടത്തിലുമാണ് കച്ചവടം നടത്തുന്നതെന്നും ഫീൽഡ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള സംരംഭങ്ങളുടെ ഫീൽഡ്തല പരിശോധന നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്നും ലൈസൻസിൽ രേഖപ്പെടുത്തിയ കെട്ടിടം തന്നെയാണ് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതുമാണ്. സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ തിരുത്തൽവരുത്തി നികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും തിരികെ ലഭിച്ചില്ല.

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും കോട്ടയം ഗ്രാമ പഞ്ചായത്തിന് ഇതു വരെ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫീയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ളതുമായ ₹5,52,133 യുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|
| 1 | 2018-19 | 470579 |

| | | |
|---|---|---|
| 2 | 2019-20 | 23422 |
| 3 | 2020-21 | 38162 |
| 4 | 2021-22 | 12940 |
| 5 | 2022-23 | 7030 |
| | ആകെ | 552133 |

₹5,52,133 കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

## 1-13 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹283059 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കാത്തതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 154/23 കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | ₹80000 ആരോഗ്യ ഗ്രാന്റ് | ₹15456 വൗച്ചർ നമ്പർ : 22200784/28-02-23 ₹64544 വൗച്ചർ നമ്പർ : 22200925/26-03-23 ആകെ : ₹80000 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല |
| 2 | 26/23 സാന്ത്വന പരിചരണ പദ്ധതി | ₹540000 വികസനഫണ്ട് (ജനറൽ) ₹225000 ബ്ലോക്ക് പഞ്ചായത്ത് ₹225000 ജില്ലാപഞ്ചായത്ത് ആകെ: ₹990000 | ₹539813 വികസനഫണ്ട് ₹224733 ബ്ലോക്ക് പഞ്ചായത്ത് ₹218615 ജില്ലാപഞ്ചായത്ത് ആകെ : ₹983161 | ₹203059 വികസനഫണ്ട് ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമല്ല. |

ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ആകെ ₹283059 ( 80000+203059) ടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 46/23 എ.ബി.സി. പദ്ധതിക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹100000 വൌച്ചർ നമ്പർ : 22200877/15-03-2023 |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്ത് ആയിരിക്കുമെന്നും ഇതിനുള്ള

വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എ.ബി.സി. പദ്ധതിക്ക് വിഹിതം നൽകൽ എന്ന മേൽ പദ്ധതി പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെയും പദ്ധതി പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 18/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭ്യമാക്കിയതിന്റെ മുൻഗണനാക്രമത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കുന്ന ജില്ലാപഞ്ചായത്തിന്റെ കത്താണ് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എ.ബി.സി. പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിന് സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 165/23<br>കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ്- സാമൂഹ്യ സുരക്ഷ മിഷന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹100000 ബിൽ നമ്പർ : 353/28-3-2023 |

കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ശ്രീ. ഫൈസാൻ അബൂബക്കർ, ശ്രീ അമിന റിൻസ. കെ. പി. എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ പരിഗണിച്ച് ₹100000 കേരള സാമൂഹ്യ സുരക്ഷാമിഷന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 7/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും കേരള സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താക്കളായ കുട്ടികളുടെ കേൾവിശക്തിക്കായുള്ള ഉപകരണങ്ങൾക്ക് കൃത്യമായ പരിപാലനം നടന്നു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 അംഗൻവാടികൾക്ക് സ്നേഹകിടക്ക, കസേര എന്നിവ വിതരണം ചെയ്യൽ -പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| പ്രോജക്ട് നമ്പർ / പേര് | 96/23 | അംഗൻവാടികൾക്ക് സ്നേഹകിടക്ക, കസേര |
| അടങ്കൽ | ₹220400 | വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹216540 | ബിൽ നമ്പർ : 343/28-3-2023 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ₹43712 ചെലവഴിച്ച് KERALA COIRFED ൽ നിന്നും 50 കിടക്കകളും, ₹172828 ചെലവഴിച്ച് സിഡ്കോ യിൽ 240 പ്ലാസ്റ്റിക്ക് ബേബി കസേരകളും, 78 സാധാരണ പ്ലാസ്റ്റിക്ക് കസേരകളും വാങ്ങി 19 അംഗൻവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ സ.ഉ(സാധാ) 97/2022 തീയതി 23-12-2022 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്റ്റീൽ/ മരം ഫർണിച്ചറുകൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉല്പന്നങ്ങൾ അല്ലാത്തവയെല്ലാം ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉല്പന്നങ്ങൾ അല്ലാത്ത പ്ലാസ്റ്റിക് കസേരകൾ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. മേൽ അപാകം സംബന്ധിച്ച് 8/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്റ്റോർ പർച്ചേസ് രീതിയനുസരിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികൾക്ക് വിധേയമായി സാധനങ്ങൾ ഏറ്റെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് സിഡ്കോയ്ക്ക് അനുമതിയുണ്ടെന്നും ആയത് പ്രകാരമാണ് സാധനങ്ങൾ ലഭ്യമാക്കിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ സിഡ്കോയിൽ നിന്നും സാധനങ്ങൾ സമാഹരിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ കൃത്യമായി നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ

സാധനങ്ങൾ സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. കൃത്യമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 എം.സി.എഫ് ഓഫീസിന് ഫർണിച്ചർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കോട്ടയം |
| പ്രോജക്ട് നമ്പർ / പേര് | 138/23,<br>എം സി എഫ് ഓഫീസിന് ഫർണിച്ചർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹77204 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹39770 ബിൽ നമ്പർ/ തീയതി : 375/28-03-2023 |

എം സി എഫ് ഓഫീസിന് ഫർണിച്ചർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി താഴെ പറയുന്ന പ്രകാരം സിഡ്കോയിൽ നിന്ന് നേരിട്ട് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക ₹(ജി.എസ്.ടി പുറമെ) |
|---|---|---|---|
| 1 | സ്റ്റീൽ കാബിനറ്റ് | 1 | 7479 |
| 2 | സ്റ്റീൽ ടേബിൾ | 1 | 5466 |
| 3 | സ്റ്റീൽ ടേബിൾ വിത്ത് വുഡൻ ടോപ് | 1 | 9401 |
| 4 | പ്ലാസ്റ്റിക് ആം ചെയർ | 3 | 2007 |
| 5 | പ്ലാസ്റ്റിക് ആംലെസ് ചെയർ | 17 | 9350 |

സ.ഉ.(ആർ.ടി) നമ്പർ 33/2021/എസ് പി ഡി, തീയതി 22-11-2021, സ.ഉ.(സാധാ) നമ്പർ 97/2022/എസ് പി ഡി, തീയതി 23-12-22 എന്നിവ പ്രകാരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ പറ്റുന്ന സാധനങ്ങൾ മരം, സ്റ്റീൽ, ഹോസ്പിറ്റൽ ഫർണിച്ചറുകൾ മാത്രമാണ്. സ്റ്റോർ പർച്ചേസ് സംബന്ധിച്ച സ.ഉ.(ആർ.ടി) നമ്പർ 3299/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ/അർദ്ധ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നതിന് നൽകിയിട്ടുള്ള സർക്കാർ അനുമതി, സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. ഈ വ്യവസ്ഥകൾ പാലിക്കാതെ സിഡ്കോയിൽ നിന്നും നേരിട്ട് പ്ലാസ്റ്റിക് കസേരകൾ വാങ്ങിയതിന്റെ സാഹചര്യം വ്യക്തമാക്കുന്നതിന് 24/27-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ധനകാര്യ കമ്മീഷൻ അവാർഡ് കേന്ദ്ര വിഹിതം പഞ്ചായത്തിന് നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയും ഹരിതകർമ്മസേന ഓഫീസ് ഉദ്ഘാടനം ചെയ്ത് പ്രവർത്തന സജ്ജമാവാനും വേണ്ടിയാണ് പ്രസ്തുത ഫർണിച്ചറുകൾ പരിമിതമായ സമയത്തിനുള്ളിൽ വാങ്ങി നൽകിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ഭാവിയിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മാത്രമേ വാങ്ങലുകൾ നടത്തുകയുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൃത്യമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 യുനാനി ഔഷധങ്ങൾ വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമാകാത്തതിനാൽ ₹1487യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| പ്രോജക്ട് നമ്പർ / പേര് | 19/23 യുനാനി ഔഷധങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹4,75,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹300000 ബിൽ നമ്പർ : 2222452007000538663/15-9-2022<br>₹100000 ബിൽ നമ്പർ : 2222452007000569619/24-9-2022<br>₹75000 ബിൽ നമ്പർ : 2222452007001366735/16-3-2023 |

| | |
|---|---|
| | ആകെ : ₹4,75,000 |

യുനാനി ഡിസ്പെൻസറിക്ക് ഔഷധങ്ങൾ വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം ₹4,75,000 ഔഷധിക്ക് നൽകിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രഫോർമ്മ ഇൻവോയിസ് നമ്പർ/തീയ്യതി | ഔഷധിക്ക് നൽകിയ തുക | ഇൻവോയിസ് നമ്പർ /തീയ്യതി | ലഭിച്ച മരുന്നിന്റെ വില |
|---|---|---|---|---|
| 1 | 1/2022-23/28-4-2022 | 300000 | 5/2022-23/26-8-2022 | 299999 |
| 2 | 10/2022-23/22-11-2022 | 100000 | 10/2022-23/22-11-2022 | 100000 |
| 3 | 15/2022-23/8-3-2023 | 75000 | 20/2022-23/31-3-2023 | 73514 |
| | ആകെ | 4,75,000 | | 473513 |

₹1487 (4,75,000-473513) യുടെ മരുന്ന് ലഭ്യമാകാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് 1/21-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ₹1487 യുടെ മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. മരുന്ന് മുഴുവനായും ലഭ്യമാകാത്തതിനാൽ ₹1487യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല ₹99000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ / പേര് | 149/23<br>കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ |
| അടങ്കൽ | ₹106450 ധനകാര്യകമ്മീഷൻഗ്രാന്റ് |
| ചെലവ് | ₹99000 ബിൽ നമ്പർ / തീയ്യതി : 250/15-03-2023 |

കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനായി ₹99000 ചെലവഴിച്ചിട്ടുണ്ട്. നിക്ഷാൻ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണം വാങ്ങിയിരിക്കുന്നത്. ഇതിനായി ടെണ്ടർ വിളിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ വാങ്ങലിന്റെ സുതാര്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് എൻക്വയറി (നമ്പർ 17/25-10-23) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹99000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 സാന്ത്വന പരിചരണ പദ്ധതി -മുഴുവൻ മരുന്നും ലഭ്യമായില്ല ₹28684 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 26/23, സാന്ത്വന പരിചരണ പദ്ധതി |
| അടങ്കൽ | ₹ 540000 വികസന ഫണ്ട്- പൊതു വിഭാഗം<br>₹ 225000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 225000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹990000 |
| ചെലവ് | ₹ 539813 വികസന ഫണ്ട്- പൊതു വിഭാഗം<br>₹ 224733 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 218615 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹983161 |

മേൽ പ്രൊജക്റ്റ് പ്രകാരം പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തുന്നതിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ₹117120 (ബിൽ നമ്പർ 22220452006801151851/07-02-23) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്ന വാങ്ങുന്നതിനായി മുൻകൂറായി നല്കിയിട്ടുണ്ട്. ഇതിൽ ₹28684 യുടെ മരുന്ന ലഭിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 17/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ₹28684 യുടെ മരുന്ന ലഭിക്കാൻ ബാക്കിയുണ്ട് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. മരുന്ന ലഭ്യമാകാത്തതിനാൽ ₹28684 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സഞ്ചരിക്കുന്ന ബാല ലൈബ്രറി - തുടർ പ്രവർത്തനവിവരങ്ങൾ ലഭ്യമല്ല ₹14000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 145/23 സഞ്ചരിക്കുന്ന ബാല ലൈബ്രറി |
| അടങ്കൽ | ₹14000 വികസന ഫണ്ട് (ജനറൽ) |
| ചെലവഴിച്ച തുക | ₹14000 ബിൽ നമ്പർ : 22220452006201571250/30-03-2023 |

സഞ്ചരിക്കുന്ന ബാല ലൈബ്രറി എന്ന പ്രോജക്റ്റ് പ്രകാരം കോട്ടയം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലുമുള്ള ബാലസഭ കുട്ടികൾക്ക് വായനാശീലം വർദ്ധിപ്പിച്ച് വിജ്ഞാനം നേടുക എന്ന ഉദ്ദേശത്തോടെ ₹14000 യ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം നേരിട്ട് വാങ്ങാവുന്ന സ്ഥാപനങ്ങളിൽ നിന്ന് പുസ്തകങ്ങൾ വാങ്ങി അതത് വാർഡുകളിലെ എ.ഡി.എസിന് കൈമാറുന്നു. വർഷാവസാനം വായനാമത്സരം സംഘടിപ്പിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു. ഈ പ്രോജക്റ്റ് പ്രകാരം ബുക്ക് മാർക്കിൽ നിന്നും ₹14000 യുടെ പുസ്തകങ്ങൾ നേരിട്ട് വാങ്ങി കുടുംബശ്രീ സി.ഡി.എസിന് നൽകിയിട്ടുണ്ട്. വായനാമത്സരം സംഘടിപ്പിച്ചതിന്റെയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതിന്റെയും പദ്ധതിയുടെ തുടർ നടപടി വിവരങ്ങളും പ്രോജക്റ്റ് മോണിട്ടറിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 30/30-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹14000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വായനാമത്സരം സംഘടിപ്പിച്ചതിന്റെയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതിന്റെയും പദ്ധതിയുടെ തുടർ നടപടി വിവരങ്ങളും പ്രോജക്റ്റ് മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 വയോക്ലബ്ബുകളുടെ രൂപീകരണവും അടിസ്ഥാന സൗകര്യമൊരുക്കലും-പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല. ₹135587 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 146/23<br>വയോക്ലബ്ബുകളുടെ രൂപീകരണവും<br>അടിസ്ഥാന സൗകര്യമൊരുക്കലും |
| അടങ്കൽ | ₹135600 വികസന ഫണ്ട് -പൊതുവിഭാഗം<br>₹400 തനത് ഫണ്ട്<br>ആകെ : ₹136000 |
| ചെലവ് | ₹135587 ബിൽ നമ്പർ : 393/30-3-2023 |

വയോക്ലബ്ബുകളുടെ രൂപീകരണവും അടിസ്ഥാന സൗകര്യമൊരുക്കലും എന്ന മേൽ പ്രൊജക്റ്റിന്റെ ഭാഗമായി ₹135587 ചെലവഴിച്ച് സിഡ്കോ, കടവന്ത്ര എന്ന സ്ഥാപനത്തിൽ നിന്നും 12 മേശകളും 53 പ്ലാസ്റ്റിക് കസേരകളും വാങ്ങിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ സ.ഉ (കൈ) നം 84/2022/തസ്വഭവ, തീയതി 19-4-22 ഖണ്ഡിക 6.5 (12) പ്രകാരം സമ്പൂർണ്ണ വയോ സൗഹൃദ തദ്ദേശഭരണ സ്ഥാപനമായി മാറുന്നതിന്റെ ഭാഗമായി മൂന്ന് വീതം വയോ ക്ലബ്ബുകൾ വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണെന്നും പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ പ്രൊജക്റ്റിന്റെ ഭാഗമായി വാങ്ങിയ ഫർണിച്ചർ വാർഡ് മെമ്പർമാർ കൈപ്പറ്റി പഞ്ചായത്ത് ഓഫീസ്, ഈസ്റ്റ് എൽ പി സ്കൂൾ, വിവിധ വാർഡുകളിലെ അംഗൻവാടികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടാണുള്ളത്. പ്രൊജക്റ്റിന്റെ ഭാഗമായി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ സ.ഉ(സാധാ)

97/2022 തീയതി 23-12-22 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്റ്റീൽ/മരം ഫർണിച്ചറുകൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉല്പന്നങ്ങൾ അല്ലാത്തവയെല്ലാം ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉല്പന്നങ്ങൾ അല്ലാത്ത പ്ലാസ്റ്റിക് കസേരകളും സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. മേൽ അപാകങ്ങൾ സംബന്ധിച്ച് 5/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വയോക്ലബ്ബുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സ്വന്തം കെട്ടിടങ്ങളിലാവണമെന്നുള്ളതിനാലാണ് അംഗൻവാടികൾ തിരഞ്ഞെടുത്തതെന്നും സ്റ്റോർ പർച്ചേസ് രീതിയനുസരിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികൾക്ക് വിധേയമായി സാധനങ്ങൾ ഏറ്റെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് സിഡ്കോയ്ക്ക് അനുമതിയുണ്ടെന്നും ആയത് പ്രകാരമാണ് സാധനങ്ങൾ ലഭ്യമാക്കിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. വയോക്ലബ്ബുകളുടെ ഭാരവാഹികളെ തിരഞ്ഞെടുത്തത് സംബന്ധിച്ച ഭരണസമിതി തീരുമാനം, വയോക്ലബ്ബുകളുടെ മീറ്റിംഗ് മിനുട്സ്, പ്രവർത്തനവും നടത്തിപ്പും സംബന്ധിച്ച റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വയോക്ലബ്ബുകൾ രൂപീകരിക്കാതെ ഫർണിച്ചർ വാങ്ങൽ മാത്രമാണ് പ്രോജക്ട് പ്രകാരം നടപ്പാക്കിയിട്ടുള്ളത്. അടിസ്ഥാന മുന്നൊരുക്കങ്ങൾ നടത്താതെ ഫർണിച്ചർ വാങ്ങിയതിനാൽ പദ്ധതി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ₹135587 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 വയോജന വിശ്രമ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ-പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 99/23<br>വയോജന വിശ്രമ കേന്ദ്രത്തിന്<br>അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹29250 വികസന ഫണ്ട് – പൊതുവിഭാഗം<br>₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ : ₹229250 |
| ചെലവ് | ₹29250 ബിൽ നമ്പർ :406/31-3-2023<br>₹178983 ബിൽ നമ്പർ : 22220452006501519968/28-3-2023<br>ആകെ : ₹208233 |

വയോജന വിശ്രമ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി സിഡ്കോ, കടവന്ത്ര എന്ന സ്ഥാപനത്തിൽ നിന്നും 2 മേശ, 2 അലമാര, 194 പ്ലാസ്റ്റിക്ക് കസേരകൾ എന്നിവയും സ്പോർട്സ് വേൾഡ്, കുത്തുപറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും 2 കാരംസ് ബോർഡും വാങ്ങിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ സ.ഉ(സാധാ) 97/2022 തീയതി 23-12-22 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്റ്റീൽ/ മരം ഫർണിച്ചറുകൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉല്പന്നങ്ങൾ അല്ലാത്തവയെല്ലാം ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉല്പന്നങ്ങൾ അല്ലാത്ത പ്ലാസ്റ്റിക് കസേരകളും സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയ ഫർണിച്ചർ ഏഴാം മൈൽ അംഗൻവാടിയുടെയും പുറക്കളം അംഗൻവാടിയുടെയും മുകൾ നിലയിലായി നിർമ്മിച്ച വയോജന വിശ്രമകേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ ഭാഗമായി സാധനങ്ങൾ സമാഹരിച്ചതും വയോജന വിശ്രമകേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ചും 6/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്റ്റോർ പർച്ചേസ് രീതിയനുസരിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികൾക്ക് വിധേയമായി സാധനങ്ങൾ ഏറ്റെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് സിഡ്കോയ്ക്ക് അനുമതിയുണ്ടെന്നും ആയത് പ്രകാരമാണ് സാധനങ്ങൾ ലഭ്യമാക്കിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ സിഡ്കോയിൽ നിന്നും സാധനങ്ങൾ സമാഹരിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ കൃത്യമായി നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ സാധനങ്ങൾ സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള

നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. വയോജന സൌഹൃദത്തിനായി നിർമ്മിക്കുന്ന വയോജന വിശ്രമ കേന്ദ്രങ്ങൾ വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലങ്ങളിലാണ് ആരംഭിക്കേണ്ടത് എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള രണ്ടു വയോജന വിശ്രമ കേന്ദ്രങ്ങളും അംഗൻവാടിയുടെ മുകൾ നിലയിലാണ് നിർമ്മിച്ചിട്ടുള്ളത്. വയോജന വിശ്രമ കേന്ദ്രത്തിന്റെ നടത്തിപ്പും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദമായ റിപ്പോർട്ടും ആയത് രേഖപ്പെടുത്തിയ മിനുട്സും പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - 230670 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ / പേര് | 87/23 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹375000 വികസന ഫണ്ട് -പൊതുവിഭാഗം<br>₹375000 മറ്റുള്ളവ<br>ആകെ : ₹750000 |
| ചെലവ് | ₹337500ബിൽനമ്പർ:2222045200690136335б/15-3-23<br>₹37500 ബിൽ നമ്പർ: 22220452006901523465/28-3-23<br>ആകെ : ₹375000 |

ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹375000 കണ്ണൂർ ജില്ലാ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ സ.ഉ (സാധാ)3096/22/തസ്വഭവ/03.12.2022 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. ഇപ്രകാരം 30 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതമായി ഒരു ഗുണഭോക്താവിന് ₹12500 എന്ന നിരക്കിലാണ് ₹375000 എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ളത്. എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടറുടെ 20-10-2023 ലെ ₹144330 യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ചെലവഴിക്കാൻ ബാക്കിയുള്ള 230670 രൂപയുടെ വിനിയോഗസാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതികളിലൂടെ മുൻവർഷങ്ങളിൽ ഭവനനിർമ്മാണത്തിനുള്ള ധനസഹായം കൈപ്പറ്റിയിട്ട് ഇതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ നമ്പരും പേരും (2023-24) | ഗുണഭോക്താക്കളുടെ പേരുവിവരം | കരാറിൽ ഏർപ്പെട്ട തീയതി | കൈപ്പറ്റിയ തുക (രൂപ) ₹ | കൈപ്പറ്റാൻ ബാക്കിയുള്ള തുക ₹ | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 115/24 ലൈഫ് ഭവനപദ്ധതി പട്ടികജാതി | ജ്യോതി കെ ശ്യാം നിവാസ് മൗവ്വേരി | 4-11-2020 | 2,40,000 | 1,60,000 | ലിന്റൽ |
| 113/24 ലൈഫ് ഭവന നിർമ്മാണം(SC) | അനിൽകുമാർ പി.കെ പാറക്കുനിയിൽ പൂളബസാർ | 4-11-2020 | 2,00,000 | 2,00,000 | മേൽക്കൂര |
| 114/24 അതിദരിദ്ര ഗുണഭോക്താക്കൾക്ക് ലൈഫ് ഭവനം | പുരുഷോത്തമൻ കെ മാമ്പള്ളി ഹൗസ് കുവ്വപ്പാടി | 14-2-2023 | 3,60,000 | 40,000 | മേൽക്കൂര |

മേൽ ഗുണഭോക്താക്കളെകൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച

വിശദവിവരം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 ലൈഫ് മിഷൻ ഭവന വായ്പ - തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ പ്രകാരം വായ്പ ഇനത്തിൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ Go(Rt)No.6872/2022/fin,12-10-22 പ്രകാരം അനുവദിച്ച വികസന ഫണ്ട് (എസ്. സി.പി) രണ്ടാം ഗഡുവിലെ സ്രോതസ്സിൽ നിന്നും ₹146831 കുറവ് ചെയ്യുകയും Go(Rt)No.1049/2022/fin, 13-2-23 പ്രകാരം രണ്ടാം ഗഡുവിൽ ലൈഫ് പദ്ധതിക്ക് അധികമായി ഈടാക്കിയ തുകയിൽ ₹77082 തിരികെ അനുവദിച്ചിട്ടുമുണ്ട്. തിരികെ ലഭിക്കാനുള്ള ബാക്കി തുകയ്ക്ക് ₹69749 പ്രൊജക്റ്റ് നമ്പർ 180/23 ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ് സി പി) പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ₹69749 തുക തിരികെ ലഭിക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് 20/26-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ലഭിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തിരിച്ച് പിടിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച തുകയിൽ ₹96334 ക്രമീകരിക്കാൻ ബാക്കിയുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക അനുവദിച്ച തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്രമീകരിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|
| 15-8-2020 | കൃഷി ഓഫീസർ | 15000 |
| 24-11-2021 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 10612 |
| 6-9-2021 | വെറ്റിനറി സർജ്ജൻ | 15722 |
| 17-10-2022 | വെറ്റിനറി സർജ്ജൻ | 25000 |
| 22-2-2023 | അസിസ്റ്റന്റ് എഞ്ചിനീയർ | 10000 |
| 22-7-2022 | ഐ സി ഡിഎസ് സൂപ്പർവൈസർ | 20000 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ (പി) നം.419/2011/ഫിൻ തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. നാളിതുവരെയായും മേൽ പ്രകാരം മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തത് സംബന്ധിച്ച് 19/27-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാലാണ് തുക ക്രമീകരിക്കാൻ കഴിയാതിരുന്നത് എന്ന മറുപടിയാണ് നൽകിയത്. ക്രമീകരിക്കാൻ ബാക്കിയുള്ള ₹96334 യുടെ ചെലവ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മാലിന്യസംസ്കരണം

1994ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/25.10.23 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### I. അജൈവമാലിന്യങ്ങൾ

ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിലേയും അജൈവമാലിന്യ ശേഖരണം ഹരിതകർമ്മസേന വഴി കൃത്യമായും ഫലപ്രദമായും നടന്നു വരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം സി എഫ് ൽ നിന്ന് ക്ലീൻ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആർ.ആർ.എഫ് ഇല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ബെയിലിംഗ് മെഷീൻ ഉണ്ട്. ഷ്രെഡിംഗ് യൂനിറ്റ് ഇല്ല. സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ ശേഖരണ വിവരങ്ങൾ കൈമാറുന്നതിനായി ഹരിതമിത്രം മൊബൈൽ ആപ്പ് ഉപയോഗിക്കുന്നുണ്ട്. അജൈവ മാലിന്യവുമായി ബന്ധപ്പെട്ട്

പ്രതിമാസ ശേഖരണ കലണ്ടർ തയ്യാറാക്കി വീടുകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നല്കിയിട്ടുണ്ട്. എല്ലാ മാസവും കടകളിൽ നിരോധിത പ്ലാസ്റ്റിക് റെയ്ഡ് നടത്തുന്നുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുത്ത് അവയുടെ ഉടമസ്ഥരിൽ നിന്നും പിഴയീടാക്കുന്നുണ്ട്. എം.സി.എഫുകൾ ഫയർ& സേഫ്റ്റി ഓഡിറ്റിങ്ങിന് വിധേയമാക്കുന്നുണ്ട്.

II. ജൈവമാലിന്യം

ഗാർഹിക ഉറവിട സംസ്കരണ രീതികൾ ഫലപ്രദമാക്കുന്നതിന് വീടുകളിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നു. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യസംസ്കരണം നടക്കുന്നുവെന്നുറപ്പ് വരുത്താൻ ഹെൽത്ത് ഇൻസ്പെക്ടറുടെ നിരന്തര പരിശോധനകൾ നടത്തി വരുന്നു. പൊതുസ്ഥലങ്ങളിൽ ഹരിതകർമ്മസേനാംഗങ്ങളും പൊതുജനങ്ങളും വാർഡ് മെമ്പർമാരും ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിൻ- Waroom.lsgkerala.gov.in എന്ന പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. മിനി എം.സി.എഫുകളുടെ അപര്യാപ്തത, എം.സി.എഫുകളുടെ സ്ഥലസൗകര്യക്കുറവ് എന്നിവ ഗ്രാമപഞ്ചായത്ത് നേരിടുന്ന പോരായ്മകളാണ്. ആയത് പരിഹരിക്കാൻ നടപ്പു വർഷം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

## 1-29 കേഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ട് വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല

ജി ഒ (പി )നമ്പർ 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി റജിസ്റ്ററും സൂക്ഷിക്കണം. കോട്ടയം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ PHC, ഹെഡ് മാസ്റ്റർ എന്നിവർ ടി ആർ 7 എ ക്യാഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വരവുകളും ചെലവുകളും ഉൾപ്പെടുത്തുന്നില്ല. ഹെഡ് മാസ്റ്റർ പഞ്ചായത്ത് ഫണ്ട് വരവ് ചെലവിനായി രണ്ടാമതൊരു ക്യാഷ് ബുക്ക് കൂടി ഉപയോഗിച്ചു വരുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് എന്നിവ ഉൾക്കൊള്ളുന്ന ഒരു ക്യാഷ് ബുക്ക് മാത്രം ഉപയോഗിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-30 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ കണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. കോട്ടയം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം.3 /05/ആ.ക.വ നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-31 തനത് വരുമാനം- അവലോകനം

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള തനത് വരുമാനവർദ്ധനവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

കോട്ടയം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാൻറിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല.

നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

I. വസ്തു നികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കിയ നികുതി വിവരങ്ങൾ സംബന്ധിച്ച് അപ്ഡേഷൻ നടത്തിയിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയിട്ടില്ല. നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

II. അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 300 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

III. തൊഴിൽനികുതി .

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഫൈനാൻസിംഗ് സ്ഥാപനങ്ങളിലെ ജീവനക്കാർ, ഡ്രൈവിംഗ് സ്കൂളിലെ ജീവനക്കാർ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാബേസിൽ

ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

IV. FTE&OS (Factory, Traders, Enterprenurship & Other Services) ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് ഫീസ് ഭൂരിഭാഗവും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കുന്നത്. മാത്രമല്ല, മൂലധന നിക്ഷേപം രേഖപ്പെടുത്തിയവയിൽത്തന്നെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE &OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ. (കൈ)84/22/തസ്വഭവ 19.04.2022) ഖണ്ഡിക 5.1-ൽ നിർദ്ദേശിച്ച വിധം അധിക വിഭവസമാഹരത്തിനാവശ്യാമയ ശ്രമങ്ങൾക്ക് ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2022-23 | 25-10-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1655/2023 തീയ്യതി 13.11.2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | കുത്തുപറമ്പ് | 500000 | 2022-23 | 15/23 | 500000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | | | മൌവ്വേരി മിനിസ്റ്റേഡിയം നവീകരണം | | |
| 2 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 300000 | 2022-23 | 23/23അംഗൻവാടി പോഷകാഹാര പദ്ധതി | 300000 | ഇല്ല |
| 3 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 224733 | 2022-23 | 26/23 സാന്ത്വന പരിചരണ പദ്ധതി | 224733 | ഇല്ല |
| 4 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 160000 | 2022-23 | 37/23 ലൈഫ് ഭവന പദ്ധതി പട്ടികജാതി - സ്പിൽ ഓവർ | 160000 | ഇല്ല |
| 5 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 140000 | 2022-23 | 40/23 ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികജാതി - സ്പിൽ ഓവർ | 140000 | ഇല്ല |
| 6 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 1615000 | 2022-23 | 47/23 ലൈഫ് മിഷൻ ഭവന നിർമ്മാണം പൊതു വിഭാഗം | 1615000 | ഇല്ല |
| 7 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 360000 | 2022-23 | 89/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത നൽകൽ | 360000 | ഇല്ല |
| 8 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 178983 | 2022-23 | 99/23 വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ | 178983 | ഇല്ല |
| 9 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 79045 | 2022-23 | 130/23 പാലിന് ഇൻസെന്റീവ് | 79045 | ഇല്ല |
| 10 | കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 260000 | 2022-23 | 173/23 അതിദരിദ്ര ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി | 260000 | ഇല്ല |
| | ആകെ | 3817761 | | | 3817761 | |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 218615 | 2022-23 | 26/23 സാന്ത്വന പരിചരണ പദ്ധതി | 218615 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 155200 | 2022-23 | 47/23 ലൈഫ് മിഷൻ ഭവന നിർമ്മാണം പൊതു വിഭാഗം | 155200 | ഇല്ല |
| 13 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 50000 | 2022-23 | 48/23 ആശ്രയ അഗതി രഹിത കേരളം - വീട് വാസയോഗ്യമാക്കൽ | 50000 | ഇല്ല |
| 14 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 118850 | 2022-23 | 89/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത നൽകൽ | 118850 | ഇല്ല |
| 15 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 10000 | 2022-23 | 130/23 പാലിന് ഇൻസെന്റീവ് | 10000 | ഇല്ല |
| | ആകെ | 552665 | | | 552665 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | നൽകിയ തുക | ബിൽ നമ്പർ/ തീയ്യതി | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 139/23 ടേക്ക് എ ബ്രേക്ക് ഏഴാം മൈൽ പൊതു ടോയിലറ്റിന് കുഴൽ കിണർ സൌകര്യം ഏർപ്പെടുത്തൽ | 1935 | 130/27-12-2022 | 91935 | പൂർത്തീകരിച്ച (7/2023-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്) |
| | | 90000 | 189/13-2-2023 | | |
| | ആകെ | 91935 | | 91935 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2013-2014 2014-2015 | 2-1 | 2016-17 | ഖണ്ഡിക-5, അനുബന്ധം-3 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2013-2014 2014-2015 | 3-8 | 2014-15 | 4-3, 2-7 | ക്ഷേമ പെൻഷൻ അപേക്ഷയിൽ കാലതാമസം | പരാമർശം നിലനിൽക്കുന്നു |
| 2019-2020 | 1-16 | 2020-21 | ഖണ്ഡിക-1-2, അനുബന്ധം-2 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയതിൽ ടെണ്ടർ രേഖകൾ ലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു |
| 2019-2020 | 1-23 | 2020-21 | ഖണ്ഡിക-1-2, അനുബന്ധം-2 | മരുന്നുകൾ മുഴുവൻ ലഭ്യമാക്കാത്തത്. | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 28887986 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 33132153 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 761817 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-13 | 283059 | ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ PHC |
| 1-14 | 100000 | ഡോ. ആശ. കെ. പി, വെറ്ററിനറി സർജൻ |
| 1-15 | 100000 | ശ്രീമതി. രോഷ്നി ഊരാളിക്കണ്ടി, ICDS സൂപ്പർവൈസർ |

| | | |
|---|---|---|
| 1-18 | 1487 | ഡോ. മുഹമ്മദ്. പി, മെഡിക്കൽ ഓഫീസർ GAD |
| 1-19 | 99000 | ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ PHC |
| 1-20 | 28684 | ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ PHC |
| 1-21 | 14000 | ശ്രീ. ലതീഷ് ബാബു. പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 135587 | ശ്രീമതി. രോഷ്നി ഊരാളിക്കണ്ടി, ICDS സൂപ്പർവൈസർ |
| ആകെ | 761817 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ആശ. കെ. പി,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കോട്ടയം ഗ്രാമ പഞ്ചായത്ത് | ഐശ്വര്യ,<br>ശങ്കരനെല്ലൂർ- പി.ഒ<br>കണ്ണൂർ |
| ശ്രീമതി. രോഷ്നി ഊരാളിക്കണ്ടി,<br>ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ<br>കോട്ടയം ഗ്രാമ പഞ്ചായത്ത് | അച്ച്യുതം,<br>ചെറുവാഞ്ചേരി-പി.ഒ<br>കണ്ണൂർ |
| ഡോ. മുഹമ്മദ്. പി,<br>മെഡിക്കൽ ഓഫീസർ GAD | മെഡിക്കൽ ഓഫീസർ<br>GAD പാനൂർ | പോളിയന്റവിടഹൌസ്<br>ചമ്പാട്-പി.ഒ, തലശ്ശേരി,<br>കണ്ണൂർ |
| ഡോ. വിനീത ജനാർദ്ദനൻ,<br>മെഡിക്കൽ ഓഫീസർ PHC | മെഡിക്കൽ ഓഫീസർ<br>PHC കതിരൂർ | അജ്ഞലി<br>കോട്ടയംപൊയിൽ-പി.ഒ<br>കണ്ണൂർ |
| ശ്രീ. ലതീഷ് ബാബു. പി,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കോട്ടയം ഗ്രാമ പഞ്ചായത്ത് | ലക്ഷ്മി നിവാസ്,<br>നീർവേലി- പി.ഒ,<br>കൂത്തുപറമ്പ്, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2009-10,<br>2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1359/2022<br>തീയതി 22.09.2022 | 1 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1359/2022<br>തീയതി 22.09.2022 | 2 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1359/2022<br>തീയതി 22.09.2022 | 13 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 749/2022<br>തീയതി 10.10.2022 | 16 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1757/2022<br>തീയതി 18.03.2023 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 145/2023 dated 30-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kottayam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kottayam Grama Panchayat for the year 2022-2023

Date: 13/11/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Kottayam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. Amount used for asset creation using specific grant account not trasferred to capital contribution and treated as revenue income.

2.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3. The following mandatory financial statements such as B1 schedule, Ratios,comparitive amounts for the preceding year prescribed in 2011 Kerala Panchayath Raj accounting rules are not submitted for audit

4. Notes to Account not submitted for audit

5. Payment Voucher misclassification- the amount given as advance for deposit works wrongly booked as Capital Expenditure

6. Lapses in making timely and accurate demand entries in respect of tax and non tax revenue

7. Other deposit- The amount shown in deposit register does not match with annual financial statement

8. Asset register has not been updated

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT - Kottayam Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19036377 |
| Cash | Cash | RP-40(a) | 48727 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 732240 |
| 130000000 | Rental income from Panchayat Properties | RP-3 | 3500 |
| 140000000 | Fees & User Charges | RP-4 | 617051 |
| 150000000 | Sale & Hire Charges | RP-5 | 111683 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9599000 |
| 171000000 | Interest Earned | RP-9 | 386570 |
| 190000000 | Prior Period Income | RP-11 | 68635 |
| 311000000 | Earmarked Funds | RP-28 | 1408 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12149052 |
| 431000000 | Sundry Debtors (Receivables) | RP-45 | 4462754 |
| 460000000 | Loans, Advances and Deposits | RP-49 | 28000 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 2500 |
| 350000000 | Other Liabilities | RP-35 | 725593 |
| | Grand total | | 47973090 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 5414716 |
| 431000000 | Sundry Debtors (Receivables) | RP-45 | 2290797 |
| 460000000 | Loans, Advances and Deposits | RP-49 | 192000 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 125675 |
| 350000000 | Other Liabilities | RP-35 | 25108965 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14794330 |
| Cash | Cash | RP-40(b) | 46607 |
| | Grand Total | | 47973090 |

2. INCOME & EXPENDITURE STATEMENT – Kottayam Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4859634 |

| | | | |
|---|---|---|---|
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 190916 |
| 140000000 | Fee & User Charges | I-4 | 985996 |
| 150000000 | Sale & Hire Charges | I-5 | 113283 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 108933122 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 386570 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | 70486 |
| A | Total Income | | 115469521 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11762915 |
| 220000000 | Administrative Expenses | I-11 | 706191 |
| 230000000 | Operations & Maintenance | I-12 | 1112874 |
| 240000000 | Interest & Finance Charges | I-13 | 649 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5320018 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 22976599 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5273235 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19080158 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(A) | 39267400 |
| 255000000 | Maintenance Projects | I-14(B) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(C) | 1290704 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-14(A) | 0.0 |
| 270000000 | Provisions and Write off | I-14(B) | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-14(C) | 0.0 |
| 272000000 | Depreciation | I-17(A) | 1009525 |
| B | Total Expenditure | | 107800268 |
| C = A-B | Gross Surplus / Deficit of income over Expenditure | | 7669253 |
| 190000000 | Prior Period Income | I-19 | 70486 |
| 290000000 | Prior period Expenses | I-18 | 85053 |
| D | Net difference | (I-19) – (I-18) | -14567 |
| | Gross Surplus / Deficit of income over Expenditure after prior period items | | 7683820 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 85053 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | -14567 | -14567 |

3. BALANCE SHEET – Kottayam Grama Panchayat

| As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -23479483 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 36722 |
| 312000000 | Reserves | B-3 | 142372210 |
| | Total Reserve & Surplus | | 118929449 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B- 4 | 5514299 |
| | Total Grants, Contributions for Specific Purposes | | 5514299 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 203467 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1236894 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1440361 |
| | TOTAL LIABILITIES | | 125884109 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1511365 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 359591 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 6257243 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 153392951 |
| 416000000 | Accumulated Depreciation | B-11(a) | -53914494 |
| | Total Fixed Assets | | 107606656 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 9000 |
| 431000000 | Sundry Debtors (Receivables) | B-15 | 2290797 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 14840937 |
| 460000000 | Loans, Advances and Deposits | B-18 | 1136719 |

| | | | |
|---|---|---|---|
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 18277453 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 125884109 |

ഡെപ്യൂട്ടി ഡയരക്ടർ
കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ